# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -2443 — 18.02.2016 ൽ മറുപടിയ്ക്ക്

### പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ബലിഘട്ട് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ:** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ മഹാദേവേശ്വരം തേവരുകടവിൽ ബലിഘട്ട് നിർമ്മിക്കുവാൻ ഇറിഗേഷൻ വിഭാഗം തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ എത്രയും വേഗം നടപടി സ്വീകരിയ്ക്കുമോ; | (എ)&(ബി)<br>പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി 25.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പ് സാമ്പത്തിക വർഷം അനുമതി നല്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ അനുമതി നല്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ? | (സി) W1-37571/15 എന്ന നമ്പരിൽ പ്രസ്തുത വിഷയം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) യുടെ ഓഫീസിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ